ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റ്

78 [1441] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കളത്തിൽ അബ്ദുള്ള:
,, കെ. എൻ. എ. ഖാദർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര സീറ്റ് നിലവിൽ ഉണ്ടായിരുന്നു;

(ബി) അതിൽ സംവരണ സീറ്റ് എത്രയായിരുന്നു;

(സി) ഇപ്പോൾ ആകെ എത്ര സീറ്റാണ് നിലവിലുള്ളത്;

(ഡി) എത്ര സീറ്റാണ് സംവരണത്തിനായി നീക്കിവച്ചിട്ടുള്ളത്;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര എഞ്ചിനീയറിംഗ് കോളേജുകൾ സ്വകാര്യമേഖലയിലും സ്വാശ്രയ മേഖലയിലും അനുവദിച്ചു;

(എഫ്) ഇതിനെല്ലാം കൂടി എത്ര സീറ്റ് അനുവദിച്ചിട്ടുണ്ട്;

(ജി) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും സ്വകാര്യ/സ്വാശ്രയ മേഖലയിലുമുള്ള എഞ്ചിനീയറിംഗ് കോളേജുകളിലും കൂടി സംവരണ സീറ്റ് എത്ര;

(എച്ച്) ഇത് സംവരണ തത്വം അനുസരിച്ചുള്ള വിഹിതം ആകുന്നുണ്ടോ;

(ഐ) ഇല്ലെങ്കിൽ മൊത്തം സീറ്റിന്റെ എണ്ണത്തിനനുസരിച്ച് സംവരണ സീറ്റുകൾ നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2593 സീറ്റുകൾ.

(ബി) 874 സീറ്റുകൾ.

(സി) സർക്കാർ കോളേജുകളിൽ 2583 സീറ്റുകൾ ഇപ്പോൾ ഉണ്ട്.

(ഡി) 2003-ൽ മൊത്തം 836 സീറ്റുകൾ സാമുദായിക സംവരണ വിഭാഗങ്ങൾക്ക് ഉണ്ടായിരുന്നു.

(ഇ) 49 എഞ്ചിനീയറിംഗ് കോളേജുകൾ സ്വാശ്രയ/സ്വകാര്യ മേഖലയിൽ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 10830 സീറ്റുകൾ.

(ജി) പ്രവേശന പരീക്ഷാ കമ്മീഷണർ വഴി പ്രവേശനം നടത്തുന്ന സീറ്റുകളിൽ 3743 സീറ്റുകൾ സാമുദായിക സംവരണ വിഭാഗത്തിൽപ്പെടുന്നു.

(എച്ച്) ഉണ്ട്.

(ഐ) സാമുദായിക സംവരണ സീറ്റുകൾ മൊത്തം സീറ്റിന്റെ അടിസ്ഥാനത്തിലല്ല നിർണ്ണയിക്കുന്നത്. സ്പെഷ്യൽ റിസർവേഷൻ സീറ്റുകൾ, ശാരീരിക വൈകല്യമുള്ളവർക്കുള്ള സീറ്റുകൾ, നോമിനികൾക്കുള്ള സീറ്റുകൾ മുതലായവ കഴിച്ചുള്ള സീറ്റുകളുടെ മൊത്തം സീറ്റുകളുടെ 35% സാമുദായിക സംവരണ സീറ്റുകളായി മാറ്റിയാൽ മറ്റ് സംവരണ സീറ്റുകൾകൂടി കണക്കാക്കുമ്പോൾ സംവരണം 50% കവിയുമെന്നതിനാൽ ഈ നിർദ്ദേശം സ്വീകാര്യമല്ല.

ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് എ. ഐ. സി. റ്റി. ഇ. അംഗീകാരം ലഭിക്കാൻ നടപടി

79 [1442] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് വേണ്ടത്ര സാങ്കേതിക സൗകര്യങ്ങളില്ല എന്ന കാരണത്താൽ എ. ഐ. സി. റ്റി. ഇ. അംഗീകാരം നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ മൂന്നാം വർഷ, രണ്ടാം വർഷ വിദ്യാർത്ഥികളെ ഇടുക്കിയിലെ മറ്റ് കോളേജുകളിലേക്ക് പുനർ വിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിദ്യാർത്ഥികളുടെ പഠന പുരോഗതിയെ ബാധിക്കുമെന്നതിനാൽ ഈ തീരുമാനം പുനഃപരിശോധിക്കുമോ;

(സി) വികസന രംഗത്ത് പിന്നോക്ക ജില്ലയായ ഇടുക്കിയിലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കാൻ സത്വര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) എ. ഐ. സി. റ്റി. ഇ. ആദ്യത്തെ 3 ബാച്ചിന് അംഗീകാരം നൽകിയിട്ടില്ല. 2003-ൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇടുക്കി എഞ്ചിനീയറിംഗ് കോളേജിലെ 2, 3, 4 വർഷ വിദ്യാർത്ഥികളെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മറ്റ് കോളേജുകളിലേയ്ക്ക് മാറ്റണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly